മോട്ടോർ വാഹന വകുപ്പിൽ ബൈ ട്രാൻസ്ഫർ പ്രൊമോഷൻ

180 (5400) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോട്ടോർ വാഹന വകുപ്പിൽ നിലവിൽ എ.എം.വി.ഐ.മാരുടെ എത്ര ഒഴിവുകൾ ഉണ്ട് ; ഇവ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(ബി) എം.വി.ഐ.മാരെ ഡയറക്ട് റിക്രൂട്ട്മെന്റ് വഴി നിയമിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ; റിസർവേഷൻ പരിധിയും കടന്ന് എം.വി.ഐ. മാരെ നിയമിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ;

(സി) മോട്ടോർ വാഹന വകുപ്പിൽ ബൈ ട്രാൻസ്ഫർ പ്രൊമോഷൻ നടത്തുന്നതിന് പി.എസ്.സി.ടെസ്റ്റ് ബാധകമാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ, എന്തുകൊണ്ട് ;

(ഡി) എൽ.ഡി.ക്ളാർക്ക് തസ്തികയിലുള്ളവർക്ക് എ.എം.വി.ഐ. മാരായി തസ്തിക മാറ്റംവഴി പ്രൊമോഷൻ നൽകുന്നതിന്റെ മാനദണ്ഡം എന്താണ് ; എന്തു പരീക്ഷ പാസ്സായാൽ ആണ് പ്രസ്തുത പ്രൊമോഷൻ നൽകുക ;

(ഇ) മോട്ടോർ വാഹന വകുപ്പിൽ സീനിയർ സൂപ്രണ്ടുമാർക്ക് ജെ.ആർ. ടി.ഒ തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള അനുപാതം എന്താണ് ; ഇങ്ങനെ പ്രൊമോഷൻ നൽകുന്ന സീനിയർ സൂപ്രണ്ടുമാരുടെ അടിസ്ഥാന യോഗ്യത എന്താണ് ; ഇവർക്ക് ഫിസിക്കൽ ട്രെയിനിംഗ് നിർബന്ധമാക്കിയിട്ടുണ്ടോ ;

(എഫ്) ജെ.ആർ.ടി.ഒ. തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്ന സീനിയർ സൂപ്രണ്ടുമാർക്ക് സാങ്കേതിക പരിജ്ഞാനം ഉണ്ടോ എന്നറിയാൻ എന്തെങ്കിലും പരീക്ഷ നടത്താറുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മോട്ടോർ വാഹന വകുപ്പിൽ എ. എം. വി. ഐ. മാരുടെ 14 ഒഴിവുകൾ ഇപ്പോൾ നിലവിലുണ്ട്. എ. എം. വി. ഐ തസ്തികയിൽ ഒരു എൻ. ജെ. ഡി ഒഴിവും ആന്റിസിപേറ്ററി ഒഴിവുകളും കണക്കാക്കി 19 ഒഴിവുകളാണ് പി. എസ്. സി.ക്ക് റിപ്പോർട്ട് ചെയ്തിരുന്നത്. എന്നാൽ 11715/2010 നമ്പർ റിട്ട് ഹർജിയിൽ ബഹു. ഹൈക്കോടതി ഒഴിവുകൾ റദ്ദു ചെയ്യുവാനുള്ള ട്രാൻസ്പോർട്ട് കമ്മിഷണറുടെ കത്തിന്മേൽ തീർപ്പ് കൽപ്പിക്കുവാൻ ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുകയും തുടർന്ന് ട്രാൻസ്പോർട്ട് കമ്മീഷണറിൽ നിന്ന് ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തസ്തികമാറ്റം വഴി നിയമനം നടത്തേണ്ട 18 ഒഴിവുകൾ റദ്ദു ചെയ്യുവാനുള്ള ട്രാൻസ്പോർട്ട് കമ്മിഷണറുടെ ആവശ്യം അംഗീകരിക്കുവാൻ കമ്മിഷൻ തീരുമാനിക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല. എന്നാൽ സർക്കാർ ഉത്തരവനുസരിച്ച് പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവരിൽ നിന്നും സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി എം. വി. ഐ. തസ്തികയിൽ നിയമനം നടത്തിയിട്ടുണ്ട്.

(സി) ബാധകമാക്കിയിട്ടില്ല. വകുപ്പിലെ സ്പെഷ്യൽ റൂളിൽ പ്രസ്തുത നിബന്ധന ഉൾപ്പെടുത്തിയിട്ടില്ല.

(ഡി) കേരള ട്രാൻസ്പോർട്ട് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂളിൽ ജി.ഒ.(പി) നമ്പർ 16/2008/ട്രാൻ. തീയതി (7-4-2008) നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾ ആണ് മാനദണ്ഡങ്ങൾ (പകർപ്പ് അനുബന്ധമായി ചേർക്കുന്നു.)*

(ഇ) മോട്ടോർ വാഹന വകുപ്പിൽ സീനിയർ സൂപ്രണ്ടുമാർക്ക് ജോയിന്റ് ആർ. ടി. ഒ. ആയി സ്ഥാനക്കയറ്റം നൽകുന്നത് 2 എം. വി. ഐ. സീനിയർ സൂപ്രണ്ട് എന്ന അനുപാതത്തിലാണ്. എസ്. എസ്. എൽ.സി അടിസ്ഥാന യോഗ്യതയായുള്ള ലോവർ ഡിവിഷൻ ക്ലാർക്കുമാരെ നിശ്ചിത ഡിപ്പാർട്ടുമെന്റൽ ടെസ്റ്റ് പാസ്സാകുന്നതിന്റെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ പ്രൊമോഷൻ നൽകിയാണ് സീനിയർ സൂപ്രണ്ടായി നിയമിക്കുന്നത്. ഇവരിൽ നിന്ന് മുകളിൽ പറഞ്ഞ അനുപാതത്തിൽ ജോയിന്റ് റീജിയണൽ ട്രാൻപോർട്ട് ഓഫീസറായി പ്രൊമോഷൻ നൽകുന്നു. ഇവർക്ക് ഫിസിക്കൽ ട്രെയിനിംഗ് നിർബന്ധമാക്കിയിട്ടില്ല.

(എഫ്) സാങ്കേതിക പരിജ്ഞാനം ഉണ്ടോ എന്നറിയാൻ പരീക്ഷ നടത്താറില്ല.

മോട്ടോർ അസോസിയേഷൻ ഇറക്കിയ രഹസ്യ സർക്കുലർ

181 (5401) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈക്കൂലി ലഭിക്കാൻ സാദ്ധ്യതയില്ലാത്ത ഡ്യൂട്ടി ചെയ്യേണ്ടി വന്ന മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥനെ സഹായിക്കാൻ പ്രതിമാസ പണപ്പിരിവ് ആവശ്യപ്പെട്ട് മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥരുടെ അസോസിയേഷൻ രഹസ്യ സർക്കുലർ ഇറക്കിയതായ പത്ര വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നടപടി സ്വീകരിച്ചു വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly